കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തഴവ ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
e-mail: doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. കെ.എൽ.എം. പി2-53/2017

കേരള സംസ്ഥാന ഓഡിറ്റ് സീനിയർ

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കൊല്ലം ജില്ല

തീയതി, 03/02/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

തഴവ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തഴവ ഗ്രാമപഞ്ചായത്ത് - 2015-2016 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തഴവ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 , 3 ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ

പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരളസംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. കെ.എൽ.എം. പി2-53/2017 തീയതി 03/02/2017

## കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 6-6-16 മുതൽ 9-11-16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.എം.ഗീത, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 9-11-16 മുതൽ 17-11-16 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.അജി.കെ.എസ്. | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | | ശ്രീ.അജ്മൽ.എ.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.പ്രദീപ്.ബി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | | |
|---|---|---|---|
| | | ശ്രീമതി.ജമീലബീവി.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അഡ്വ.ആർ.അമ്പിളിക്കുട്ടൻ<br>അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1-4-15 മുതൽ 31-10-15 വരെ<br>1.11.2015മുതൽ 18.11.2015വരെ |
| | ശ്രീമതി.ശ്രീലത.എസ്. | 19-11-15മുതൽ 31-3-16 വരെ |
| സെക്രട്ടറി | ശ്രീ.എസ്.അബ്ദുൾ സലാം | 1-4-15 മുതൽ 18-5-15 വരെ |
| | ശ്രീ.മനോജ്.വി(ഇൻചാർജ്) | 18-5-15 മുതൽ 31-5-15വരെ |
| | ശ്രീ.എസ്.അബ്ദുൾ സലാം | 31-5-15 മുതൽ 31-5-15വരെ |
| | ശ്രീ.മനോജ്.വി (ഇൻചാർജ്) | 1-6-15. മുതൽ 23-7-15വരെ |
| | ശ്രീ.ഇ.സിറാജ്ജുദ്ദീൻ | 23-7-15 മുതൽ 20-11-15 വരെ |
| | ശ്രീ.മനോജ്.വി (ഇൻചാർജ്) | 20-11-15മുതൽ 1-12-15വരെ |
| | ശ്രീ.ഇ.സിറാജ്ജുദ്ദീൻ | 1-12-15മുതൽ 31-3-16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.മനോജ്.വി | 1-4-15 മുതൽ 31-03-16 വരെ |
| എ.ഇ.,എൽഎസ്.ജി.ഡി. | ശ്രീ.രഞ്ജിത് കൃഷ്ണൻ | 1-4-15 മുതൽ 31-03-16 വരെ |
| വെറ്ററിനറി സർജൻ | ഡോ.താജ്ജുദ്ദീൻ കുഞ്ഞ് | 1-4-15മുതൽ<br>31-7-15 വരെ |
| | ഡോ.അജിലാസ്റ്റ് | 1-8-15മുതൽ 21-10-15 |

| | | |
|---|---|---|
| | | വരെ |
| | ഡോ.സുജ.റ്റി.നായർ | 21-10-15 മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ദീപ്തി.എസ്.ബാല | 1-4-15മുതൽ 7-11-15 വരെ, 4-1-16 മുതൽ 31-3-16 വരെ |
| | ഡോ.ഷഹന.എസ്. | 8-11-15 മുതൽ 4-1-16 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.എ.ബീന | 1-4-15 മുതൽ 31-03-16 വരെ |
| എച്ച്.എം., ഗവ.എൽ.പി.എസ്. | ശ്രീമതി.വി.വി.ശോഭനകുമാരി | 1-4-15 മുതൽ 31-03-16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.റജീന ജോക്കബ് | 1-4-15 മുതൽ 31-03-16 വരെ |
| ഡയറിഫാം ഇൻസ്ടക്ടർ | ശ്രീ.സനൽകുമാർ | 1-4-15 മുതൽ 31-03-16 വരെ |
| വി.ഇ.ഒ.(ബി.സർക്കിൾ) | ശ്രീ.അനീഷ്കുമാർവി.എസ്. | 1-4-15 മുതൽ 31-03-16 വരെ |
| വി.ഇ.ഒ.(എ..സർക്കിൾ) | ശ്രീ.റ്റി.ജി.ജയപ്രകാശ് | 1-4-15 മുതൽ 28-8-15 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഉഷാദേവി | 1-4-15 മുതൽ 31-5-15 വരെ |
| | ശ്രീമതി.ഫാത്തിമാ ബീവി | 1-6-15 മുതൽ 15-11-15 വരെ |

| | | |
|---|---|---|
| | ശ്രീമതി.രേണുക പി. | 16-11-15 മുതൽ<br>31-12-15വരെ |
| | ശ്രീമതി.കെ.മിനി | 1-1-16മുതൽ<br>31-3-16 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തൊഴിൽ നികുതി -അപാകതകൾ | 2-1 |
| 13 | വസ്തുനികുതി -സേവന നികുതി-തനത് വരുമാനം വർദ്ധനവിനുള്ള മാർഗം | 2-2 |
| 14 | ഫിറ്റ്നസ് ഫീസ് ഈടാക്കുന്നില്ല. | 2-3 |
| | ഭാഗം 3 | |
| 15 | പശുവിനെ വാങ്ങിയതായി രേഖകളുണ്ടാക്കി സബ്സിഡി തുക കൈപ്പറ്റി - 120000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല | 3-1 |
| 16 | റോഡ് കോൺക്രീറ്റിംഗിന് ഒബ്സർവ്ഡ് ഡേറ്റാ അനുവദിച്ച -നഷ്ടം-27094.70/- രൂപ | 3-2 |
| 17 | പാലിയേറ്റിവ് കെയർ പദ്ധതി- മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 3-3 |

| | | |
|---|---|---|
| | 32679/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | |
| 18 | ശുചിത്വമിഷൻ-ചെലവ് രേഖകളില്ല - 30000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 |
| 19 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ-നോൺ അവെയ് ലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല - 100000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | 3-5 |
| 20 | ജവഹർ ഭവന യോജന പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-6 |
| | ഭാഗം 4 | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 30 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016 വർഷത്തെ ബജറ്റ് 11-3-15 തീയതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-16 | 15-7-16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-2016 | 17/11/16 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 29060520 |
| വരവ് | 58882062 |
| ആകെ | 87942582 |
| ചെലവ് | 71380462 |

| | |
|---|---|
| നീക്കിയിരിപ്പ് | 16562120 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3892135 | 12659641 | 16551776 | 16551776 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 868043 | 5715421 | 6583464 | 6583464 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 43000 | 43000 | 43000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 2207239 | 5415120 | 7622359 | 7622359 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 502468 | 4667551 | 5170019 | 5170019 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2484834 | 9900082 | 12384916 | 12384916 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 5247000 | 4395652 | 9642652 | 9642652 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 262944 | 16958464 | 17221408 | 17213252 | 8156 | 99.95 |
| ബി ഫണ്ട് | 0 | 36195100 | 36195100 | 36195100 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 163 | 98127187 | 125 | 57187123 | 38 | - | 76.68 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 69.5 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 8129042 | 5382087 | 2746955 | -33.79 |
| നികുതിയേതര വരവുകൾ | 2578220 | 1059733 | 1518487 | -58.89 |
| മറ്റുവരവുകൾ | 11089186 | 205357 | 10883829 | -97.42 |
| ആകെ | 21796448 | 6647177 | 15149271 | -69.5 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 592200 | 395 |
| കർഷകതൊഴിലാളി പെൻഷൻ | 6829800 | 969 |
| വിധവാപെൻഷൻ | 13719200 | 1583 |
| വാർദ്ധക്യകാലപെൻഷൻ | 9867600 | 1506 |
| വികലാംഗപെൻഷൻ | 476000 | 55 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9/11//16ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2127/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ വ്യാപാര സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡി.സി.ബി.വരവിനങ്ങളുടെ രജിസ്റ്ററുകൾ യഥാസമയം പോസ്റ്റിംഗ് വരുത്തി ഡി.സി.ബി പത്രിക തയ്യാറാക്കി മേലധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വ്യാപാര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും സ്ഥാപനങ്ങളിൽ നിന്ന് റിട്ടേൺ ലഭ്യമാക്കുകയും ചെയ്ത് വ്യാപാരികളുടെ തൊഴിൽ നികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ഫിറ്റ്നസ് ഫീസ് ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/10/16 | 9/2016 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/4/16-30/4/16 | 2011-2012മുതൽ 2015-2016 | 5/7/16 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതി -അപാകതകൾ

1)2015-2016 സാമ്പത്തിക വർഷം രണ്ട് അർദ്ധ വർഷങ്ങളിലും ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ലോഡ്കൃഷ്ണ സ്കൂൾ |
| 2 | മിൽമ, മണപ്പള്ളി സൗത്ത് |
| 3 | സെന്റ് ഗ്രിഗോറിയസ് നഴ്സറി സ്കൂൾ, മണപ്പള്ളി |
| 4 | സെന്റ് ഗ്രിഗോറിയസ് നഴ്സറി സ്കൂൾ,കുതിരപ്പന്തി |
| 5 | തഴവ സെൻട്രൽ മിൽമ, കുറുത്തേരിമുക്ക് |
| 6 | ടി.എം.എം.സെൻട്രൽ സ്കൂൾ |
| 7 | ബി.എസ്.എൻ.എൽ, മണപ്പള്ളി |
| 8 | എസ്.എൻ.പബ്ലിക് സ്കൂൾ, പാവുമ്പ |
| 9 | മെഡിക്കൽ സെന്റർ, പാവുമ്പ |

| | |
|---|---|
| 10 | സ്പയർ ട്യൂഷൻ സെന്റർ |
| 11 | സിങ്കുലർ ടെലികോംസ് |

2)യഥാസമയം സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളിൽ നിന്ന് പിഴ പലിശ ഈടാക്കിയിട്ടില്ല.

3)എല്ലാ സ്ഥാപനങ്ങളുടേയും അർദ്ധവാർഷിക വരുമാന പത്രിക വാങ്ങി സൂക്ഷിച്ചിട്ടില്ല.

4)തൊഴിൽ നികുതി ഈടാക്കിയ എല്ലാ സ്ഥാപനങ്ങളുടേയും വിവരങ്ങൾ രജിസ്റ്ററിൽ പോസ്റ്റിംഗ് വരുത്താതെ അപൂർണമായി കാണുന്നു.

5)ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഒന്നാം അർദ്ധ വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും രണ്ടാം അർദ്ധ വർഷം ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ഒന്നാം അർദ്ധ വർഷം ഈടാക്കിയ തുക |
|---|---|---|
| 1 | ആത്മ ആയുർവ്വേദ ആശ്രമം | 1080 |
| 2 | എം.ജി.ചിട്ട്സ് & ഫിനാൻസ് | 300 |
| 3 | സഞ്ജീവനി ഹോസ്പിറ്റൽ | 450 |
| 4 | മിൽമ സൊസൈറ്റി, കടത്തൂർ | 1800 |

6)ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് രണ്ടാം അർദ്ധ വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ഒന്നാംഅർദ്ധ വർഷം ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | രണ്ടാം അർദ്ധ വർഷം ഈടാക്കിയ തുക |
|---|---|---|
| 1 | എസ്.എൻ.പബ്ളിക് സ്കൂൾ,പാവൂമ്പ | 3180 |
| 2 | മിൽമ സൊസൈറ്റി പാവൂമ്പ | 2850 |
| 3 | പ്രകൃതി ഹോസ്പിറ്റൽ, കുറ്റിപ്പുറം | 960 |

7)സിങ്കുലർ ടെലികോം എന്ന സ്ഥാപനത്തിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

8) മരാമത്ത് പ്രവൃത്തി ചെയ്ത കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

9) കാനറ ബാങ്ക്, തഴവ ജീവനക്കാരി സ്മിതയുടെ (PTE) ഒന്നാം അർദ്ധവാർഷിക വരുമാനം 89,041/- രൂപയാണ്. 750/- രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 600/- രൂപയേ ഈടാക്കിയിട്ടുള്ളൂ.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 9 തീയതി, 17.11.2016) ന് തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 2-2 വസ്തുനികുതി -സേവന നികുതി-തനത് വരുമാനം വർദ്ധിനവിനുള്ള മാർഗം

2011 ലെ കേരള പഞ്ചായത്തീരാജ് (വസ്തുനികുതി സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ ചട്ടം 26 ൽ 2011 ഏപ്രിൽ മുതൽ ഏതൊരു കെട്ടിട ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ ഏർപ്പെടുത്തുന്നുണ്ടെങ്കിൽ 10% ൽ കുറയാത്ത സേവന ഉപനികുതി ഈടാക്കാവുന്നതാണ് എന്ന് അനുശാസിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും മേൽ സേവനങ്ങൾക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും സേവന നികുതി ഈടാക്കി കാണുന്നില്ല. ആയത് ഇടാക്കി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

## 2-3 ഫിറ്റ്നസ് ഫീസ് ഈടാക്കുന്നില്ല.

2015-2016 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഫിറ്റ്നസ് ഫീസ് ഈടാക്കിയിട്ടില്ല. അതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭ്യമാകുമായിരുന്ന തനത് വരുമാനം നഷ്ടമായിട്ടുണ്ട്. പൊതുവിദ്യാഭാസ വകുപ്പിന്റെ സ.ഉ (സാധാ)2427/2007 തീ1-08-2007 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് പരിശോധിച്ച് ഫീസ് ഈടാക്കി ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടത് പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിങ്ങ് വിഭാഗമാണ്. വരും വർഷങ്ങളിൽ ആയത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പശുവിനെ വാങ്ങിയതായി രേഖകളുണ്ടാക്കി സബ്സിഡി തുക കൈപ്പറ്റി 120000/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

പ്രോജക്ട് നമ്പർ -16/2015-16

അടങ്കൽ തുക-1000000/-(വി.ഫ.400000/-,ബാങ്ക് വായ്പ-600000/-)

ചെലവ്-400000/-(വി.ഫ.)

ബിൽ നമ്പർ -04/2015-16 /26.03.2016 തുക – 2,80,000/-

05/2015-16/30.03.2016 തുക 1,20,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

2015-16 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പട്ടികജാതി വനിതകൾക്ക് പശു വളർത്തൽ പദ്ധതി പ്രകാരം പശുവിനെ വാങ്ങുന്നതിനായി ഒരു ഗുണഭോക്താവിന് 50000/- രൂപ ക്രമത്തിൽ 20 ഗുണഭോക്താക്കൾക്ക് കനറാ ബാങ്കിന്റെ തഴവ ശാഖയിൽ നിന്നും വായ്പ അനുവദിച്ചിരിക്കുന്നു. ഇതിൽ ഒരു ഗുണഭോക്താവിന് 20000/- രൂപ ക്രമത്തിൽ സബ്സിഡി ഇനത്തിൽ 400000/- രൂപ വികസന ഫണ്ട് (എസ്.സി.പി.) ചെലവഴിച്ചിരിക്കുന്നു. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ വീടുകളിൽ നടത്തിയ പരിശോധനയിൽ ടിയാളുകൾ പശുവിനെ വാങ്ങിയതായോ വളർത്തുന്നതായോ കാണാൻ കഴിഞ്ഞിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | മേൽവിലാസം | അക്കൗണ്ട് നമ്പർ | അനുവദിച്ച സബ്സിഡി തുക |
|---|---|---|---|
| സരസ്വതി | ഗംഗാഭവനം,പാവുമ്പ വടക്ക്, വാർഡ്-7 | 3456101008805 | 20000 |
| വിനയമ്മ | വട്ടത്തറയിൽ,മണപ്പള്ളി വടക്ക്,വാർഡ്- 3 | 3456101006926 | 20000 |
| ലളിത | വിളയിൽ,പാവുമ്പ തെക്ക്, വാർഡ്-9 | 3456101008840 | 20000 |
| ചന്ദ്രിക | ശ്രീജാഭവനം,കടത്തൂർ വാർഡ്-18 | 3456101008783 | 20000 |
| ഷീബ | അശ്വതിഭവനം, എസ്.ആർ.പി.എം.- പി.ഒ. വാർഡ്- 15 | 3456101008809 | 20000 |
| ശ്രീലത | ഞാമ്പള്ളിൽതറയിൽ എസ്.ആർ.പി.എം.- പി.ഒ., വാർഡ്- 15 | 3456101008825 | 20000 |
| ആകെ | | | 120000 |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പരിഷ്കരിച്ച മാർഗരേഖ (സർക്കാർ ഉത്തരവ് (എം.എസ്) 362/2013 ത.സ്വ.ഭ.വ.,തീയതി 16.11.2013 ) പ്രകാരം പശു വളർത്തൽ പദ്ധതി സബ്സിഡി മാർഗരേഖയിൽ പരമ്പരാഗതമായി കന്നുകാലികളെ വളർത്തുന്നവർക്കും കന്നുകാലികളെ വളർത്താൻ സൗകര്യവും സന്നദ്ധതയുമുള്ളവർക്കുമാണ് പശുക്കളെ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കേണ്ടത്.എന്നാൽ 17.11.2016,18.11.2016 തീയതികളിൽ നടത്തിയ സ്ഥലപരിശോധനയിൽ മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ വീടുകളിൽ ഇത്തരം സൗകര്യങ്ങൾ ഉള്ളതായി കാണുന്നില്ല. പശുവിനെ വാങ്ങുന്നവർ അവയെ മൂന്ന് വർഷം വളർത്തുമെന്ന് കരാർ ഒപ്പിട്ടിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.

പശുവിനെ വാങ്ങുകയോ വളർത്തുകയോ ചെയ്യുന്നവരാണ് ഗുണഭോക്താക്കൾ എന്നത് ബോധ്യപ്പെടാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ സബ്സിഡി അനുവദിച്ചിട്ടുള്ളത്. തുടർ പരിശോധനയും നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 10/18.11.2016) മറുപടി ലഭ്യമാക്കിയിട്ടില്ല.കൃത്രിമ രേഖകളുണ്ടാക്കി പശുവിനെ വാങ്ങിയതായും വളർത്തുന്നതായും കാണിച്ച് പദ്ധതിയുടെ സബ്സിഡി തുക അനർഹരായവർക്ക് നൽകിയത് നിരുത്തരവാദപരമായ പ്രവർത്തിയാണ്. ആയതിനാൽ മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് അനുവദിച്ച സബ്സിഡി തുക 120000/-രൂപ (20000x6) രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 റോഡ് കോൺക്രീറ്റിംഗിന് ഒബ്സർവ്ഡ് ഡേറ്റാ അനുവദിച്ചു. -നഷ്ടം-34022/-രൂപ

2015-16 വർഷത്തെ മരാമത്ത് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗിന് അനുവദിക്കാവുന്നത് 2014 ഡി.എസ്.ആർ.കോഡ് 4-1-3 പ്രകാരമുള്ള ബേസിക് റേറ്റ് 5466/- രൂപയാണ്. ഇപ്രകാരം 419 കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ കരാർ വർക്കുകൾക്ക് നൽകാവുന്നത് 7756.65 രൂപയാണ്. എന്നാൽ ഡി.എസ്.ആർ. കോഡ് 16-42 ന് ഭേദഗതി വരുത്തി ബേസിക് റേറ്റ് 4881. 57/- രൂപയും കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ 8006.65 രൂപയുമായി ഒബ്സർവ്ഡ് ഡേറ്റാ തയ്യാറാക്കി, എക്സി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി ഡിവിഷൻ, കൊല്ലം അംഗീകരിച്ച് നൽകിയിട്ടുണ്ട്. ടി നിരക്കിൽ തുക അനുവദിച്ചത് കാരണം അധികം നൽകിയ തുകകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നം, വർക്കിന്റെ പേര്/ എസ്റ്റിമേറ്റ് | സാങ്കേതി കാനുമതി | കരാറുകാരൻ/ കൺവീനർ | എഗ്രിമെന്റ് തീയതി | എം.ബുക്ക്/ ചെയ്ത അളവ്, ഐറ്റം നം. | അനുവദിച്ച നിരക്ക്/ തുക | അനുവദി ക്കാവുന്ന നിരക്ക്/ തുക | അധികം നൽകിയത് | ബിൽ നം/ തീയതി/ തുക |
|---|---|---|---|---|---|---|---|---|
| കോടശ്ശേരി വാലുതുണ്ടിൽ റോഡ് കോൺക്രീറ്റിംഗ് 155/16 861043 (SCP) | 55/AEE/ 15-16/ 30-6-15 | ഷിഹാബ് | 53/AE/LSGD/ 15-16 22-9-15 | 43/15-16 33.68m3 | 8006.65/m3 269663.97 | 7756.67/m3 261244.64 | 8419 | 50/15-16 11/2/16 747390 |
| പാറപ്പുറത്ത് എസ്.സി കോളനി റോഡ് കോൺക്രീറ്റിംഗ് 145/16 565000 | 39/AEE/ 15-16/ 30-6-15 | ശശിധരൻ | 50/AE/LSGD/ 15-16 16-9-15 | 29/15-16 22.379m3 | 8006.65/m3 179180.82 | 7756.67/m3 173586.51 | 5594 | 24/15-16 13/1/16 438111 |
| തുളസി ഭവനം പോക്കേട്ടത്ത് റോഡ് | 33/AEE/ 15-16/ | ശശിധരൻ | 47/AE/LSGD/ 15-16 | 30/15-16 28m3 | 8006.65/m3 224186.20 | 7756.67/m3 217186.76 | 6999 | 23/15-16 30/12/15 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| കോൺക്രീറ്റിംഗ്<br>91/15-16<br>660000 | 30-6-15 | | 16-9-15 | | | | | 539123 |
| മണ്ഡപത്തി ൽശ്ശേരി-മലങ്കാവ് റോഡ് കോൺക്രീറ്റിംഗ്<br>S.O.123/16<br>321000<br>(O.F) | 26/AEE/<br>15-16/<br>30-6-15 | ഷാജഹാൻ | 19/AE/LSGD/<br>15-16<br>27-9-15 | 53/15-16<br>14.14m3 | 8006.65/m3<br>113214.23 | 7756.67/m3<br>109679.31 | 3535 | Chq.no<br>30-3-16<br>252124 |
| പുത്തൻപുര മുക്ക്-ചേപ്രാശ്രമം റോഡ് കോൺക്രീറ്റിംഗ്<br>115/16<br>170000<br>(W.B) | 25/AEE/<br>15-16/<br>30-6-15 | പ്രഹ്ളാദൻ | 8/AE/LSGD/<br>15-16<br>24-7-15 | 63/15-16<br>7.4m3 | 8006.65/m3<br>59249.21 | 7756.67/m3<br>57399.35 | 1850 | 71/15-16<br>30/3/16<br>169703 |
| കൈപ്പള്ളി മുക്ക്-തോണ്ട തറ മുക്ക് റോഡ് കോൺ ക്രീറ്റിംഗ്<br>92/16<br>284000<br>(W,B) | 16/AEE/<br>15-16/<br>30-6-15 | ഗോപാലകൃഷ്ണ പിള്ള | 23/AE/LSGD/<br>15-16<br>3-8-15 | 36/15-16<br>7.98m3 | 8006.65/m3<br>63893.07 | 7756.67/m3<br>61898.2 | 1995 | 45/15-16<br>30/3/16<br>229687 |
| വെട്ടുവേലി കോളനി റോഡ് കോൺക്രീറ്റിംഗ്<br>122/16<br>200000<br>(SCP) | 22/AEE/<br>15-16/<br>30-6-15 | പ്രസന്നൻ | | 60/15-16<br>8.52m3 | 8006.65/m3<br>68216.65 | 7756.67/m3<br>66086.82 | 2130 | 70/15-16<br>30/3/16<br>198710 |
| കളീയ്ക്കത്തറ-വെട്ടോളിമുക്ക്റോഡ് കോൺക്രീറ്റിംഗ്<br>93/16<br>480000<br>(W.B) | 15/AEE/<br>15-16/<br>30-6-15 | ഗോപാലകൃഷ്ണ പിള്ള | 24/AE/LSGD/<br>15-16<br>3-8-15 | 37/15-16<br>14m3 | 8006.65/m3<br>112093.10 | 7756.67/m3<br>108593.38 | 3500 | 46/15-16<br>11/2/16<br>325380 |
| ആകെ | | | | | | | 34022 | |

## 3-3 പാലിയേറ്റിവ് കെയർ പദ്ധതി- മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല 32679/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ -33/2015-16

അടങ്കൽ തുക-420600
ചെലവ്-32679/-രൂപ
ബിൽ നമ്പർ -09/2015-16

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

പാലിയേറ്റിവ് കെയർ പദ്ധതിയുടെ ഭാഗമായി മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി 165300/- രൂപ (74174 + 91126) ചെലവഴിച്ചിരിക്കുന്നു. ഇതിൽ വിവിധ തീയതികളിലായി 132621/- രൂപയുടെ മരുന്നുകളും ഉപകരണങ്ങളുമാണ് ആകെ ലഭിച്ചിട്ടുള്ളത്. 32679/- രൂപയുടെ മരുന്നുകളും ഉപകരണങ്ങളും കാരുണ്യാ ഫാർമസിയിൽ നിന്നും നാളിതുവരെ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/16.11.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 32679/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു. കേരള മെഡിക്കൽ സർവ്വീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ബന്ധപ്പെട്ട് മരുന്നുകൾ കൃത്യസമയത്ത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭിക്കുന്ന മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 3-4 ശുചിത്വ മിഷൻ-ചെലവ് രേഖകളില്ല 30000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ശുചിത്വ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിലെ 22 വാർഡുകളിലെ കൺവീനർമാർക്ക് 10000/- രൂപ ക്രമത്തിൽ അനുവദിച്ചിരിക്കുന്നു. തഴവ സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ടുകൾ വഴിയാണ് തുക നൽകിയിട്ടുള്ളത്. ഇതിൽ 14,16,17 വാർഡുകളിൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | അക്കൗണ്ട് നമ്പർ | രസീത് നമ്പർ/തീയതി | തുക |
|---|---|---|---|
| XIV | 921 | 358483/07.07.2015 | 10000 |
| XVI | 920 | 358485/07.07.2015 | 10000 |
| XVII | 922 | 358486/07.07.2015 | 10000 |
| ആകെ | | | 30000 |

ഓരോ വാർഡുകളിലേക്കും അനുവദിച്ച തുക ബന്ധപ്പെട്ട കൺവീനർമാരുടെ അക്കൗണ്ടുകളിലേക്ക് 07.07.2015 ന് തന്നെ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും മിക്ക വാർഡുകളിലും സാമ്പത്തിക വർഷം അവസാനിച്ചിട്ടും തുക പൂർണമായും ചെലവഴിച്ചിട്ടില്ല. 2016 മാർച്ച് അവസാനത്തിൽ മാത്രമാണ് തുക ചെലവഴിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.06/16.11.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷവും ശുചിത്വ മിഷനിൽ നിന്നും അനുവദിക്കുന്ന തുക സമയബന്ധിതമായി ഉപയോഗിക്കുന്നതിന് ബന്ധപ്പെട്ട കൺവീനർമാർ ശ്രദ്ധിക്കേണ്ടതാണ്. വാർഡുകളിലേക്ക് അനിവദിച്ച 30000/- രൂപ

ചെലവ് രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ-നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല 100000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

മൃഗാശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി പ്രോജക്ട് നമ്പർ 17 പ്രകാരം 100000/- രൂപ (ബിൽ നം-3/15-16,തീയതി-23/3/16) ചെലവഴിച്ച് രണ്ട് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ വാങ്ങിയിരിക്കുന്നു. സർക്കാർ ഉത്തരവ് (എം.എസ്.)നം.362 ത.സ്വ.ഭ.വ. തീയതി-16.11.2013 ആസൂത്രണവും സബ്സിഡിയും പരിഷ്കരിച്ച മാർഗരേഖ അനുബന്ധം I 2(IX) പ്രകാരം ജില്ലയിലെ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ നൽകുന്ന നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് മരുന്നുകൾ വാങ്ങാൻ പ്രോജക്ട് തയ്യാറാക്കേണ്ടത്. എന്നാൽ നോൺ അവൈയ് ലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് തുക ചെലവഴിച്ചിരിക്കുന്നത്. ആയതിനാൽ 100000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതും മരുന്നുകളുടെ സ്റ്റോക്ക്, രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-6 ജവഹർ ഭവന യോജന പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമായി വാസയോഗ്യമായ വീടുകൾ ഇല്ലാത്ത 22 പാവപ്പെട്ട കുടുംബങ്ങൾക്കായി ഭവന നിർമാണത്തിന് സാമ്പത്തിക സഹായം നൽകുന്നതിന് വേണ്ടി വിഭാവനം ചെയ്ത പ്രോജക്ടാണ് (ജനറൽ വിഭാഗം) ജവഹർ ഭവന യോജന പദ്ധതി. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപേക്ഷകൾ, അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

സബ്സിഡി മാർഗ രേഖാ ഉത്തരവ് ലംഘനം

ജനറൽ വിഭാഗത്തിലുള്ള അപേക്ഷകർക്ക് ഭവന നിർമാണത്തിന് സബ്സിഡി നൽകുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ് ജി.ഒ.എം.എസ്. 362/13 ത.സ്വ.ഭ.വ. 16-11-13 പ്രകാരം ഭവന നിർമാണം (ജനറൽ) അപേക്ഷകർ ഭാര്യമാരായിരിക്കുകയും വീട് അനുവദിക്കേണ്ടത് സ്ത്രീകൾക്കുമാണ്. എന്നാൽ ഇതിന് വിരുദ്ധമായി ഭർത്താക്കൻമാർ അപേക്ഷകരായിട്ടുള്ളവർക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളതും കരാർ വച്ചിരിക്കുന്നതും. ഇപ്രകാരം തുക കൈപ്പറ്റിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | കൈപ്പറ്റിയ തുക | അക്കൗണ്ട് നമ്പർ |
|---|---|---|---|
| 1 | രാജു,<br>കക്കാംപറമ്പിൽ | 1,50,000<br>bill | 3456101004229<br>കാനറ ബാങ്ക് തഴവ |

| | | | |
|---|---|---|---|
| | | no.23,26,36/15-16 | |
| 2 | മോഹനൻ ആചാരി, ആശാരിശ്ശേരിൽ | 1,50,000 bill no.5,10,31/15-16 | 20260244010 എസ്.ബി.ഐ. പുതിയകാവ് |
| 3 | രാജു , മെട്ടുവേലിത്തറയിൽ, തഴവ | 1,00,000 bill no.10,26/15-16 | 6375272996 ഇന്ത്യൻ ബാങ്ക് , വവ്വാക്കാവ് |
| 4 | സുരേഷ്, താഴെത്തുണ്ടിൽ തറ | 1,50,000 bill no.4,18,28/15-16 | 142700107005008 കോർപറേഷൻ ബാങ്ക്,പാലമൂട് |

മാർഗ നിർദേശങ്ങൾക്ക് അനുസൃതമായി പദ്ധതി നിർവഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2015-2016 | 87500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 87500 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനിയർ., കേരള വാട്ടർ അതോറിറ്റി | കൃഷിഭവൻ,മൃഗാശുപത്രി, അങ്കണവാടിനം94 എന്നിവയ്ക്ക് വാട്ടർ കണക്ഷൻ | 21500823 29/2/16 | 43500 | - | 43500 |

| | | | | | |
|---|---|---|---|---|---|
| എക്സി ക്യൂട്ടീവ് എഞ്ചിനിയർ., കേരള വാട്ടർ അതോറിറ്റി | മേലേപോക്കാട്ട് കോളനിയിൽ കുടിവെള്ളപൈപ്പ് ലൈൻ സ്ഥാപിക്കൽ | 21500358 17/9/15 | 275000 | - | 275000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | 522/ 2010/ ത.സ്വ.ഭ.വ. | 12730000 | 2360251 | 2359251 | 348221 | 1000 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9165/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-2013 & 2013-2014 | 3-9 | 2436 | സുജിതാ രവി, എ.ഇ | 11502101147/30-7-15 |
| 2012-2013 & 2013-2014 | 2-1(15) | 200 | ഷെഫി താഷ്കന്റ് | 11502101168/4-8-15 |

| | | | | |
|---|---|---|---|---|
| 2012-2013 & 2013-2014 | 2-1(20) | 100 | അബ്ദുൾ മജീദ് | 11502101167/4-8-15 |
| 2012-2013 & 2013-2014 | 2-1(21) | 50 | സുരേന്ദ്രനാചാരി | 11502101166/4-8-15 |
| 2012-2013 & 2013-2014 | 2-1(23) | 200 | സോമിനി | 11502101165/4-8-15 |
| 2012-2013 & 2013-2014 | 2-1(30) | 10 | അനിൽകുമാർ | 11502101164/4-8-15 |
| 2012-2013 & 2013-2014 | 2-1(4) | 50 | ഉണ്ണികൃഷ്ണപിള്ള | 11502102307/21-12-15 |
| 2012-2013 & 2013-2014 | 2-1(7) | 50 | ബഷീർ | 11502102308/21-12-15 |
| 2012-2013 & 2013-2014 | 2-1(9) | 100 | ഷീല | 11502102310/21-12-15 |
| 2012-2013 & 2013-2014 | 2-1(19) | 200 | അലക്സ് ജോൺസൺ | 11502102311/21-12-15 |
| 2012-2013 & 2013-2014 | 2-1(24) | 50 | ശ്രീദേവിയമ്മ | 11502102312/21-12-15 |
| 2012-2013 & 2013-2014 | 2-1(25) | 50 | രാമൻപിള്ള | 11502102313/21-12-15 |
| 2012-2013 & 2013-2014 | 2-1(26) | 200 | കൃഷ്ണൻ കുട്ടിനായർ | 11502102314/21-12-15 |
| 2012-2013 & 2013-2014 | 2-1(27) | 100 | ജോബൻ ജി വർഗീസ് | 11502102315/21-12-15 |
| 2012-2013 & 2013-2014 | 2-1(28) | 100 | സെക്രട്ടറി | 11502102316/21-12-15 |
| 2012-2013 & 2013-2014 | 2-1(29) | 50 | ഫാത്തിമ കുഞ്ഞ് | 11502102317/21-12-15 |
| 2012-2013 & 2013-2014 | 2-1(31) | 200 | അലക്സ് ജോൺസൺ | 11502102309/21-12-15 |
| 2012-2013 & 2013-2014 | 3-11 | 5019 | എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി.ഡബ്ളിയു.ഡി. | 11502500015/2-2-16 |
| ആകെ | | 9165 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 87942582 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 71380462 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 154022 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 162679 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 120000 | ഡോ.സുജ.റ്റി.നായർ,<br>വെറ്ററിനറി സർജൻ |
| 3-2 | - | 34022 | ശ്രീ.രഞ്ജിത് കൃഷ്ണൻ,<br>എ.ഇ.,<br>എൽഎസ്.ജി.ഡി. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 32679 | ഡോ.ദീപ്തി.എസ്.ബാല,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-4 | 30000 | ശ്രീ.ഇ.സിറാജുദ്ദീൻ, സെക്രട്ടറി |
| 3-5 | 100000 | ഡോ.സുജ.റ്റി.നായർ, വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സുജ.റ്റി.നായർ, വെറ്ററിനറി സർജൻ | മെഡിക്കൽ ഓഫീസർ, ഗവ.മൃഗാശുപത്രി, മണപ്പള്ളി,തഴവ | ജനാർദ്ദന മന്ദിരം, തെക്കേവിള.പി.ഒ, കൊല്ലം-16 |
| ശ്രീ.രഞ്ജിത് കൃഷ്ണൻ, എ.ഇ., എൽഎസ്.ജി.ഡി. | എ.ഇ, തഴവ ഗ്രാമ പഞ്ചായത്ത് | ഉഷസ്സ്, ഹൗസ് നം.- കെ.സി./44/2314, കന്റോൺമെന്റ് നോർത്ത്, കൊല്ലം-691001 |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.ക്യൂ.പി.2/1235(3)/14 തീ.16-6-14 | 1 |
| 1998-99 | എൽ.എഫ്.ക്യൂ.പി.2/1235(4)/14 തീ.16-6-14 | 1 |
| 1999-2000 | എൽ.എഫ്.ക്യൂ.പി.2/1235(5)/14 തീ.16-6-14 | 1 |
| 2000-2001 | എൽ.എഫ്.ക്യൂ.പി.2/1235(6)/14 തീ.16-6-14 | 1 |
| 2001-2002 | എൽ.എഫ്.ക്യൂ.പി.2/1235(7)/14 തീ.16-6-14 | 11 |

| | | |
|---|---|---|
| 2002-2003 | എൽ.എഫ്.ക്യൂ.പി.2/1235(8)/14 തീ.16-6-14 | 4 |
| 2003-2004 | എൽ.എഫ്.ക്യൂ.പി.2/1235(9)/14 തീ.16-6-14 | 15 |
| 2004-2005 | എൽ.എഫ്.ക്യൂ.പി.2/1235(10)/14തീ.16-6-14 | 6 |
| 2005-2006 | എൽ.എഫ്.ക്യൂ.പി.2/1235(11)/14തീ.16-6-14 | 6 |
| 2006-2007 | എൽ.എഫ്.ക്യൂ.പി.2/1235(12)/14തീ.16-6-14 | 9 |
| 2007-2008 | എൽ.എഫ്.ക്യൂ.പി.2/1235/14 തീ.16-6-14 | 10 |
| 2008-2009 | എൽ.എഫ്.ക്യൂ.പി.2/1871/14 തീ.14-8-14 | 6 |
| 2009-2010 | എൽ.എഫ്.ക്യൂ.പി.2/1402/14 തീ.10-10-14 | 11 |
| 2010-2011& 2011-2012 | എൽ.എഫ്.ക്യൂ.പി.2/2856/14 തീ.16-1-15 | 6 |
| 2012-13 & 2013-2014 | കെ.എസ്.എ.കെ.എൽ.എം.പി2-276/16 തീ.31-3-16 | 6 |
| 2014-2015 | കെ.എസ്.എ.കെ.എൽ.എം.പി2-1010/16 തീ.2-7-16 | 19 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ്

**4-10** ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി.2 – 53/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
ഫോൺ. 0474-2740141
E-mail: doklm.ksad@kerala.gov.in
തീയതി –03/02/2017

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്

പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തഴവ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാഓഡിറ്റ് കാര്യാലയം,കൊല്ലം